**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1484** | **30-08-2022 - ൽ മറുപടിയ്ക്ക്**

**പാറശ്ശാല മണ്ഡലത്തിലെ ഭൂമിയേറ്റെടുക്കൽ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി കെ ഹരീന്ദ്രൻ** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | പാറശ്ശാല മണ്ഡലത്തിന്റെ പരിധിയിൽ വിവിധ വികസന പദ്ധതികൾക്കായുള്ള ഭൂമിയേറ്റെടുക്കൽ നടപടികളുടെ പുരോഗതി പദ്ധതി തിരിച്ച് ലഭ്യമാക്കാമോ; | (എ) | അനുബന്ധമായി ചേർത്തിരിക്കുന്നു |
| (ബി) | പ്രസ്തുത നടപടികൾ എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്നും ഇനി എന്തെല്ലാം നടപടിക്രമങ്ങൾ പൂർത്തീകരിക്കാനുണ്ടെന്നും അവ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും വിശദമാക്കാമോ? | (ബി) | അനുബന്ധമായി ചേർത്തിരിക്കുന്നു |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നം. | പദ്ധതിയുടെ പേര് | നിലവിലെ സ്ഥിതി/ പുരോഗതി | പൂർത്തീകരിക്കേണ്ട നടപടിക്രമങ്ങൾ |
|---|---|---|---|
| 1 | കുടുവീട്ടിൽ കടവ് പാലം | കാട്ടാക്കട താലൂക്കിൽ കുളത്തുമ്മൽ, വീരണകാവ്, ഒറ്റശേഖരമംഗലം വില്ലേജുകളിൽ ഉൾപ്പെട്ട 94 ആർ ഭൂമി കുടുവീട്ടിൽ കടവ് പാലം നിർമ്മാണത്തിന് ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് പുനരധിവാസ പുനഃസ്ഥാപന പാക്കേജ് ലാൻഡ് റവന്യൂ കമ്മീഷണർ 28/05/2022-ൽ അംഗീകരിച്ചിട്ടുണ്ട്. 2013-ലെ എൽ.എ.ആർ.ആർ ആക്ട് പ്രകാരം 19(1) പ്രഖ്യാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു | അർത്ഥനാധികാരി ഫണ്ട് ലഭ്യമാക്കുന്ന19(1) പ്രഖ്യാപനം പുറപ്പെടുവിച്ച്, സെക്ഷൻ 26 പ്രകാരം അടിസ്ഥാന വില നിർണ്ണയം നടത്തി ഡി.വി.എസ് തയ്യാറാക്കി അംഗീകരിക്കേണ്ടതും, തുടർന്ന് അവാർഡ് എൻക്വയറി നടത്തി അവാർഡ് പാസ്സാക്കി സ്ഥലം അർത്ഥനാധിക്കാരിക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്. |
| 2 | അമരവിള ഒറ്റശേഖരമംഗലം പൊന്നുംവില നടപടി | നെയ്യാറ്റിൻകര താലൂക്കിൽ നെയ്യാറ്റിൻകര, പെരുങ്കടവിള, കീഴാറൂർ വില്ലേജുകളിൽ ഉൾപ്പെട്ട 46.39 ആർ ഭൂമി അമരവിള - ഒറ്റശേഖരമംഗലം റോഡ് വികസനത്തിന് ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് 2013-ലെ എൽ.എ.ആർ.ആർ ആക്ട് സെക്ഷൻ 11(1) പ്രകാരം പ്രാഥമിക വിജ്ഞാപനം 21/05/2022 തീയതിയിലെ 1655-ാം നമ്പർ കേരള അസാധാരണ ഗസ്റ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ്.<br>പുനരധിവാസ പുനഃസ്ഥാപന പാക്കേജ് തയ്യാറാക്കി വരുന്നു. | പുനരധിവാസ പുനഃസ്ഥാപന പാക്കേജ് അംഗീകരിച്ച്, അർത്ഥനാധികാരി ഫണ്ട് ലഭ്യമാക്കുന്ന മുറയ്ക്ക് 19(1) പ്രഖ്യാപനം പുറപ്പെടുവിക്കേണ്ടതും, സെക്ഷൻ 26 പ്രകാരം അടിസ്ഥാന വില നിർണ്ണയം നടത്തി ഡി.വി.എസ് തയ്യാറാക്കി അംഗീകരിക്കേണ്ടതും, തുടർന്ന് അവാർഡ് എൻക്വയറി നടത്തി അവാർഡ് പാസ്സാക്കി സ്ഥലം അർത്ഥനാധിക്കാരിക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്. |
| 3 | നെയ്യാറ്റിൻകര പാറശ്ശാല ഡബ്ലിംഗ് & നെയ്യാറ്റിൻകര - പാറശ്ശാല റെയിൽപാത ഇരട്ടിപ്പിക്കൽ സ്ട്രെച്ച്-3 ROB No 94, 99, 108 & 120 മേൽപ്പാലം നിർമ്മാണ | തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര, കൊല്ലയിൽ, പരശുവയ്ക്കൽ, പാറശ്ശാല എന്നീ വില്ലേജുകളിൽ ഉൾപ്പെട്ട 7.8712 ഹെക്ടർ സ്ഥലം നെയ്യാറ്റിൻകര - പാറശ്ശാല റെയിൽപാത ഇരട്ടിപ്പിക്കലിനും തിരുവനന്തപുരം ജില്ലയിൽ കൊല്ലയിൽ, പരശുവയ്ക്കൽ, പാറശ്ശാല എന്നീ വില്ലേജുകളിൽ ഉൾപ്പെട്ട 0.9407 ഹെക്ടർ സ്ഥലം നെയ്യാറ്റിൻകര - പാറശ്ശാല റെയിൽപാത ഇരട്ടിപ്പിക്കൽ സ്ട്രെച്ച്-3 ROB No 94, 99, 108 & 120 മേൽപ്പാലം നിർമ്മാണത്തിനും ഏറ്റെടുക്കുന്നതിന്റെ ഭാഗമായി സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിന് 29/12/2021-ലെ സ.ഉ.(സാധാ) നം. 214/2021/റവ പ്രകാരം 4(1) വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് വിലയിരുത്തുന്നതിനായി 02/07/2022-ൽ വിദഗ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. | വിദഗ്ധ സമിതി ശുപാർശ സമർപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിൽ സെക്ഷൻ 8(2) പ്രകാരം സ്ഥലമേറ്റെടുക്കലുമായി മുന്നോട്ട് പോകുന്നതിന് സമുചിത സർക്കാർ തീരുമാനമെടുക്കുന്നതും തുടർന്ന് സെക്ഷൻ 11(1) പ്രകാരം പ്രാഥമിക വിജ്ഞാപനം, പുനരധിവാസ പുനഃസ്ഥാപന പാക്കേജ് എന്നിവ പുറപ്പെടുവിക്കുന്നതാണ്.<br>അർത്ഥനാധികാരി ഫണ്ട് ലഭ്യമാക്കുന്ന മുറയ്ക്ക് 19(1) പ്രഖ്യാപനം പുറപ്പെടുവിക്കേണ്ടതും, സെക്ഷൻ 26 പ്രകാരം അടിസ്ഥാന വില നിർണ്ണയം നടത്തി ഡി.വി.എസ് തയ്യാറാക്കി അംഗീകരിക്കേണ്ടതും, തുടർന്ന് അവാർഡ് എൻക്വയറി നടത്തി അവാർഡ് പാസ്സാക്കി സ്ഥലം അർത്ഥനാധിക്കാരിക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്. |

| | | | |
|---|---|---|---|
| 4 | തിരുവനന്തപുരം - പാറശ്ശാല നോൺ ഡബ്ലിംഗ് | തിരുവനന്തപുരം - പാറശ്ശാല നോൺ ഡബ്ലിംഗ് സൈഡിൽ ഉൾപ്പെട്ട 3.7533 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള അർത്ഥന ലഭ്യമായിട്ടുള്ളതും, സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിലേക്കായി സെക്ഷൻ 4(1) പ്രകാരം വിജ്ഞാപനം 25.08.2022 ലെ സ.ഉ(അച്ചടി) 226/2022/റവ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളതാണ്. | സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് വിദഗ്ധ സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിച്ച് സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സെക്ഷൻ 8(2) പ്രകാരം സമുചിത സർക്കാർ തീരുമാനം കൈക്കൊണ്ട് ആക്ടിൽ നിഷ്കർഷിക്കുന്ന നിശ്ചിത സമയപരിധിക്കുള്ളിൽ സെക്ഷൻ 11(1) പ്രകാരമുള്ള പ്രാരംഭ വിജ്ഞാപനം, 19(1) പ്രഖ്യാപനം (അന്തിമ വിജ്ഞാപനം) പുറപ്പെടുവിച്ച് , അവാർഡ് പാസ്സാക്കി സ്ഥലം അർത്ഥനാധികാരിക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| 6 | കരമന വെള്ളറട റീച്ച് 3 (ഞാറവിള മുതൽ വെള്ളറട വരെ) | തിരുവനന്തപുരം ജില്ലയിലെ കുളത്തുമ്മൽ, ഒറ്റശേഖരമംഗലം, കീഴാറൂർ, വെള്ളറട എന്നീ വില്ലേജുകളിലെ 4.5499 ഹെക്ടർ ഭൂമി കരമന - വെള്ളറട റോഡ് റീച്ച് 3 വികസനത്തിന് ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് സാമൂഹ്യ പ്രത്യാഘാത പഠനം പൂർത്തിയാക്കി വിദഗ്ധ സമിതി രൂപീകരിച്ച് 25/01/2022 ലെ സ.ഉ.(കൈ) നമ്പർ 22/2022/റവ പ്രകാരം എൽ.എ.ആർ.ആർ ആക്ട്, 2013 ലെ സബ് സെക്ഷൻ (2) സെക്ഷൻ 8 പ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. നിലവിൽ, സെക്ഷൻ 11(1) പ്രകാരമുള്ള പ്രാരംഭ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. | ആക്ടിൽ നിഷ്കർഷിക്കുന്ന പ്രകാരം സെക്ഷൻ 11(1) പ്രകാരമുള്ള പ്രാരംഭ വിജ്ഞാപനം, 19(1) പ്രഖ്യാപനം (അന്തിമ വിജ്ഞാപനം) പുറപ്പെടുവിച്ച് , അവാർഡ് പാസ്സാക്കി സ്ഥലം അർത്ഥനാധികാരിക്ക് കൈമാറേണ്ടതാണ്. |